രുന്നെങ്കിൽ ഒരുപക്ഷേ, 'നോർത്തു് അവെന്യൂ' പൂർണ രൂപത്തിൽ നമുക്കു് എഴുതിക്കിട്ടുമായിരുന്നു.

'ഒരു തെരുവിന്റെ കഥ'യിലൂടെ പൊറ്റെക്കാട്ടു് അനശ്വരത്വം നൽകിയ കോഴിക്കോട്ടെ മിഠായിത്തെരുവിലൂടെ ഏതാനും മാസങ്ങൾ മുമ്പു് ഞങ്ങൾ രണ്ടുപേരും ചേർന്നു നടന്നു. ഉറുമ്പുകൾപോലെ അസ്വസ്ഥരായി അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുമറയുന്ന ആൾക്കൂട്ടത്തിൽനിന്നു് പരിചയത്തിന്റെ ചില തകർന്ന കഷണങ്ങളെങ്കിലും പെറുക്കിയെടുക്കാൻ ഞങ്ങൾ രണ്ടുപേരും ശ്രമിച്ചു. തലമുറ മാറിക്കഴിഞ്ഞിരിക്കുന്നു! ഞങ്ങളുടെ കോഴിക്കോടു് എന്നു പറയാൻ ഇന്നു് വളരെക്കുറച്ചു മാത്രമേ ബാക്കിയുള്ളൂ! ഒടുവിൽ ഞങ്ങൾ മാനാഞ്ചിറയിലെ കിഡ്സൺ റെസ്റ്റോറന്റിൽ കയറി, ഒരു മൂലയിൽച്ചെന്നിരുന്നു് രണ്ടു കാപ്പിക്കു് ഓർഡർ കൊടുത്തു. ആ മേശയുടെ മുമ്പിൽ, ഞങ്ങളറിയാത്ത ഒരു യുവാവുകൂടി ഇരുന്നിരുന്നു. കാപ്പിയുടെ ബില്ലു വന്നപ്പോൾ ആ ചെറുപ്പക്കാരൻ പെട്ടെന്നു് അതു കടന്നെടുത്തു; ഞങ്ങളുടെ പ്രതിഷേധം വകവെക്കാതെ അതിന്റെ പണം കൗണ്ടറിൽ കൊടുക്കുകയും ചെയ്തു. ഞങ്ങൾ അയാളോടു് നന്ദിപറഞ്ഞു പുറത്തേക്കിറങ്ങി. ഈ പുതിയ അതിഥേയൻ ആരാണെന്നു് ഞാൻ എസ്. കെ. യോടു ചോദിച്ചു. 'ആവോ!' എന്നു് എസ്. കെ. കൈമലർത്തി. തുടർന്നു് എസ്. കെ. പറഞ്ഞു: 'നമ്മുടെ ലോകം ഇന്നില്ല. ഇന്നുള്ളതു് ഒരു പുതിയ ലോകമാണു്. നാം ഇവിടെ അപരിചിതരാണു്.'

ലോകത്തിന്റെ വിദൂര മേഖലകളിൽ, വ്യത്യസ്ത ജനതകൾക്കിടയിൽ തനിയേ സഞ്ചരിച്ചിരുന്നപ്പോഴും അനുഭവപ്പെടാതിരുന്ന ഏകാന്തത എസ്.കെ. ക്കു് ഈ അടുത്തകാലത്തു് അനുഭവപ്പെട്ടിട്ടുണ്ടായിരിക്കണം.

എസ്. കെ. യുടെ മരണവാർത്ത കേട്ടപ്പോൾമുതൽ എന്റെ മനസ്സിൽ ഒരു കഴപ്പുപോലെ നൊന്തുകൊണ്ടിരിക്കുന്നതു് ഈ ഏകാന്തതയാണു്. ഈ മഹാഭാരതപദ്യം എന്റെ ചിന്തയിൽ നിരന്തരം മുഴങ്ങുന്നു.

'സർവേ ക്ഷയാന്താ നിചയാഃ
പതനാന്താഃ സമുച്ഛ്റയാഃ
സംയോഗോ വിപ്രയോഗാന്തോ
മരണാന്തം ച ജീവിതം.'

(എല്ലാ നേട്ടങ്ങളും നഷ്ടങ്ങളിൽ അവസാനിക്കുന്നു; എല്ലാ ഉയർച്ചകളും വീഴ്ചകളിൽ അവസാനിക്കുന്നു; എല്ലാ കൂടിച്ചേരലുകളും വിട്ടുപിരിയലുകളിൽ അവസാനിക്കുന്നു; എല്ലാ ജീവിതങ്ങളും മരണങ്ങളിൽ അവസാനിക്കുന്നു).

9 ആഗസ്റ്റ്, 1982

## 101. കെ. പി. എസ്. മേനോൻ

ജീവിച്ചിരിക്കെത്തന്നെ ഇതിഹാസപുരുഷന്മാരായി മാറുന്ന അപൂർവം ചിലർ ഉണ്ടു്; അവരിൽ ഒരാളായിരുന്നു നവംബർ 21-ാം തീയതി എൺപത്തിനാലാം വയസ്സിൽ ഹൃദ്രോഗംമൂലം ഒറ്റപ്പാലത്തുവെച്ചു് അന്തരിച്ച കെ. പി. എസ്. (കുമാരപത്മനാഭ ശിവശങ്കര) മേനോൻ. കോട്ടയത്തു് വക്കീലായി പ്രാക്ടീസ് ചെയ്തിരുന്ന ഒറ്റപ്പാലത്തുകാരനായ എൻ. സി. കുമാരമേനോന്റെ പുത്രനായി 1898-ൽ അദ്ദേഹം ജനിച്ചു. ജീവിതം കെ. പി. എസ്. മേനോനു് ഒരിക്കലും മുള്ളുകൾ നിറഞ്ഞ ഒരു പാതയായിരു

ന്നില്ല. മറിച്ച്, തന്റെ വിദ്യാഭ്യാസവും വിവാഹവും ഔദ്യോഗിക ജീവിതവുമെല്ലാം വിശേഷിച്ച് ഒന്നും താൻ ചെയ്യാതെ, മററുള്ളവർ മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച്, സുഗമമായും സുഖകരമായും നടക്കുകയാണുണ്ടായതെന്ന്, അദ്ദേഹം സൗമ്യമായ നർമത്തോടെ പറയുകയുണ്ടായിട്ടുണ്ട്.

പ്രതിഭാശാലിയായിരുന്ന അദ്ദേഹത്തിനു കോട്ടയത്തെ ആദ്യകാല വിദ്യാഭ്യാസ ജീവിതം ഒട്ടും ക്ലേശമുള്ളതായിരുന്നില്ല. ഇംഗ്ലീഷ് ഭാഷയായിരുന്നു തന്റെ കാമുകിയെന്ന് അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. കൗമാരകാലത്തു മലയാളത്തിൽ കവിത എഴുതുന്നതിൽ അദ്ദേഹം തല്പരനായിരുന്നു. അന്നത്തെ നിലവാരംവെച്ചു നോക്കുമ്പോൾ വൃത്തഭംഗിയും പ്രാസഭംഗിയും എല്ലാം ഒത്തിണങ്ങിയ ആ കവിത മോശപ്പെട്ടതായിരുന്നുവെന്നു പറഞ്ഞുകൂടാ.

ഉന്നതവിദ്യാഭ്യാസത്തിന് ഓക്സ്ഫോർഡിലെത്തിയ മേനോന് ഇന്ത്യക്കാരായ സതീർത്ഥ്യർക്കിടയിൽ പ്രാമാണ്യമാർജിക്കാൻ ഒരു പ്രയാസവുമുണ്ടായില്ല. അവിടത്തെ 'ഇന്ത്യൻ മജ്‌ലിസ്' എന്ന വിദ്യാർത്ഥി സംഘടനയിൽ അദ്ദേഹം അധ്യക്ഷനായിത്തീർന്നതു് ഇംഗ്ലീഷിൽ അനർഗളമായും നർമമധുരമായും സംസാരിക്കാനുള്ള അദ്ദേഹത്തിന്റെ അസാധാരണമായ കഴിവുമൂലമാണ്. ആധുനിക ചരിത്രം മുഖ്യ വിഷയമായെടുത്തു് ഒന്നാം ക്ലാസ്സിൽ ഓണേഴ്സോടെ ബിരുദം നേടുമ്പോഴേക്ക് 1922-ൽ അന്നത്തെ ഇന്ത്യൻ യുവജനങ്ങളുടെ ആശാകേന്ദ്രമായിരുന്ന ഇന്ത്യൻ സിവിൽ സർവീസിലേക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിരുന്നു. 1923-ൽ തിരുച്ചിറപ്പള്ളിയിൽ അസിസ്റ്റന്റ് കലക്ടർ ആയി ഔദ്യോഗിക ജീവിതമാരംഭിച്ച അദ്ദേഹം രണ്ടുവർഷം കഴിഞ്ഞു് ഇന്ത്യാഗവണ്മെൻറിന്റെ വിദേശ-രാഷ്ട്രീയവകുപ്പിൽ നിയമിക്കപ്പെട്ടു. അതുവരെ ആ വകുപ്പിൽ വെള്ളക്കാരെ മാത്രമേ നിയമിച്ചിരുന്നുള്ളു. ആ വകുപ്പിൽ നിയമിക്കപ്പെട്ട ആദ്യത്തെ ഭാരതീയനെന്ന നിലയിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. വിദേശരാഷ്ട്രീയ വകുപ്പെന്നാണ് പേരെങ്കിലും, അദ്ദേഹത്തിനു് ഇടപെടാനുണ്ടായിരുന്നതു് അധികവും ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുമായിട്ടായിരുന്നു. ഹൈദ്രാബാദിലും വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനത്തിലും ബലൂചിസ്ഥാനിലും രാജപുത്താനയിലും അദ്ദേഹം ജോലിനോക്കി. ഇടയ്ക്കു കുറച്ചുകാലം ഒരു നാട്ടുരാജ്യത്തിൽ ദിവാനുമായി. സിലോൺ, സാൻസിബാർ, കെനിയ, ഉഗാണ്ട എന്നിവിടങ്ങളിലും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. ദില്ലിയിലെ കേന്ദ്രഗവണ്മെൻറിന്റെ സിക്രട്ടേറിയററിലും ഉത്തരവാദിത്തമുള്ള സ്ഥാനങ്ങളിൽ അദ്ദേഹം നിയോഗിക്കപ്പെട്ടു. 1943-ൽ രണ്ടാം മഹായുദ്ധകാലത്തു്, അദ്ദേഹം ചൈനയിൽ ഇന്ത്യയുടെ ഏജൻറ് ജനറൽ ആയി നിയമിതനായി. 1945-ൽ ഐക്യരാഷ്ട്രസമിതിയുടെ ചാർട്ടറിൽ ഒപ്പുവെച്ച സാൻഫ്രാൻസിസ്കോ കോൺഫറൻസിൽ പങ്കെടുത്ത ഇന്ത്യൻ പ്രതിനിധിസംഘത്തിന്റെ മുഖ്യ ഉപദേഷ്ടാവ് കെ. പി. എസ്. മേനോനായിരുന്നു. 1946-ൽ ഐക്യരാഷ്ട്ര സമിതിയുടെ ജനറൽ അസംബ്ലി യോഗത്തിൽ പങ്കുകൊണ്ട ആദ്യത്തെ ഇന്ത്യൻ പ്രതിനിധിസംഘത്തിൽ അദ്ദേഹം അംഗമായിരുന്നു. ചൈനയിലെ ആദ്യത്തെ ഇന്ത്യൻ അംബാസഡർ ആയി 1946-ൽ അദ്ദേഹത്തെയാണു നിയമിച്ചതു്. ആ കൊല്ലം കൊറിയയിലെ ഐക്യരാഷ്ട്ര കമ്മീഷന്റെ ചെയർമാൻ കെ. പി. എസ്. മേനോനായിരുന്നു. 1948 മുതൽ 1952 വരെ അദ്ദേഹം ഇന്ത്യയുടെ വിദേശകാര്യ സിക്രട്ടറിയായി ജോലിനോക്കി. 1952 മുതൽ 1960 വരെ അദ്ദേഹം റഷ്യയിൽ ഇന്ത്യൻ അംബാസഡർ ആയിരുന്നു. ഏകാധിപതിയായിരുന്ന സ്റ്റാലിൻ മരിക്കുകയും, സ്റ്റാലിന്റെ ക്രൂരതകൾ ക്രൂഷേവ് തുറന്നുകാട്ടുകയും, കുറേക്കൂടി ഉദാരമായ ഒരു ഭരണ വ്യവസ്ഥ സോവിയററ് യൂനിയനിൽ നടപ്പിലാവുകയും ചെയ്ത കാലത്തു്, മോസ്കോവിൽ

ഇന്ത്യയെ പ്രതിനിധാനം ചെയ്തുകൊണ്ടിരുന്ന അദ്ദേഹം ഇന്ത്യാ-സോവിയറ്റ് സൗഹാർദത്തിന്റെ പ്രധാന ശില്പികളിലൊരാളാണ്. സ്വതന്ത്രഭാരതത്തിന്റെ വിദേശ വകുപ്പിനു രൂപം നൽകിയവരിൽ പ്രമുഖർ ഗിരിജാശങ്കർ വാജ്പേയി, എൻ. ആർ. പിള്ള, കെ. പി. എസ്. മേനോൻ എന്നീ മൂവരത്രേ.

ഉദ്യോഗമൊഴിഞ്ഞശേഷവും രണ്ടു പതിററാണ്ടിലേറെക്കാലം ഇന്ത്യാ-സോവിയററ് സൗഹാർദത്തിനുവേണ്ടി കെ. പി. എസ്. മേനോൻ അശ്രാന്തം പരിശ്രമിച്ചു. ദീർഘകാലം ഇൻഡോ-സോവിയററ് കൾച്ചറൽ സൊസൈററിയുടെ പ്രസിഡണ്ടായിരുന്നു അദ്ദേഹം. മിക്കവാറും എല്ലാവർഷവും അദ്ദേഹം റഷ്യ സന്ദർശിക്കുമായിരുന്നു. ജവാഹർലാൽ നെഹ്റു കഴിഞ്ഞാൽ റഷ്യക്കാർക്ക് പൊതുവേ ഏററവുമധികം ഇഷ്ടപ്പെട്ട ഇന്ത്യക്കാരൻ കെ. പി. എസ്. മേനോനായിരുന്നു. കെ. പി. എസ്സിനെയും അദ്ദേഹത്തിന്റെ പത്നിയെയും സ്വന്തം കുടുംബാംഗങ്ങളെപ്പോലെ കണക്കാക്കി വരുന്നവരെ, റഷ്യയിൽ പല സ്റ്റേററുകളിലും ഇപ്പോഴും കാണാം. ഇൻഡോ-സോവിയററ് സൗഹാർദത്തിന് കെ. പി. എസ്. മേനോൻ നൽകിയ സേവനത്തെ പുരസ്കരിച്ച് 1979-ൽ സോവിയററ് ഗവണ്മെൻറ് അദ്ദേഹത്തിനു ലെനിൻ സമ്മാനം നൽകുകയുണ്ടായി. 1958-ൽ 'പത്മഭൂഷണ' ബിരുദം നൽകി ഇന്ത്യാഗവണ്മെൻറ് അദ്ദേഹത്തെ ആദരിച്ചു.

പ്രകൃതിസംരക്ഷണത്തിൽ അദ്ദേഹത്തിന് അഗാധതാല്പര്യമുണ്ടായിരുന്നു. സൈലൻറ്‌വാലി ഇനിയും നശിച്ചുകഴിഞ്ഞിട്ടില്ലെങ്കിൽ, അതിനു നാം പ്രധാനമായും കടപ്പെട്ടിരിക്കുന്നത് കെ. പി. എസ്. മേനോനോടാകുന്നു.

വാഗ്മി എന്ന നിലയിൽ ഇന്ത്യയ്ക്ക് അകത്തും പുറത്തും വിഖ്യാതനായിരുന്നു കെ. പി. എസ്. മേനോൻ. ലാളിത്യവും നർമബോധവും അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ സവിശേഷതകളായിരുന്നു. താൻ പ്രതിപാദിക്കുന്ന വിഷയത്തെപ്പററി സമഗ്രവും സന്തുലിതവുമായ ധാരണ ശ്രോതാക്കളിലുളവാക്കുന്ന ആ പ്രസംഗങ്ങൾ കേട്ടിരിക്കുകയെന്നത് വിദ്യാഭ്യാസപരമെന്നപോലെ സൗന്ദര്യാവബോധപരംകൂടിയായ ഒരു വിശിഷ്ടാനുഭവമായിരുന്നു. സുചിന്തിതങ്ങളായ ആ പ്രസംഗങ്ങളോരോന്നും യുക്തിബന്ധുരങ്ങളായ ഓരോ പ്രബന്ധങ്ങൾകൂടിയായിരുന്നു.

ഇംഗ്ലീഷിൽ പതിനെട്ടു പുസ്തകങ്ങളുടെയും എത്രയോ ലേഖനങ്ങളുടെയും കർത്താവാണ് കെ. പി. എസ്. മേനോൻ. 'പല ലോകങ്ങൾ' അദ്ദേഹത്തിന്റെ ആത്മകഥയാണ്. യുദ്ധകാലത്തു് 1944-ൽ ദില്ലിയിൽനിന്നു കരയിലൂടെ നൂററിയിരുപത്തഞ്ചു ദിവസം സഞ്ചരിച്ച് അദ്ദേഹം ചൈനയുടെ തലസ്ഥാനമായിരുന്ന ചുങ് കിങ്ങിൽ ചെന്നെത്തിയതിന്റെ വിവരണമാണ് 'ദൽഹി-ചുങ് കിങ്.' സോവിയററ് യൂനിയനിലെ തന്റെ അനുഭവങ്ങളാണ് 'റഷ്യൻ പനോരമ'യുടേയും 'ഫ്ളൈയിങ് ട്രോയ്ക്ക'യുടെയും ഉള്ളടക്കം. അദ്ദേഹത്തിന്റെ എല്ലാ പുസ്തകങ്ങളും സ്വാനുഭവവിവരണംകൊണ്ട് ഹൃദ്യങ്ങളാണ്. പ്രായാധിക്യം അദ്ദേഹത്തിന്റെ എഴുത്തിനു തടസ്സമായില്ല. ഒന്നോ രണ്ടോ സ്റ്റെനോഗ്രാഫർമാർക്ക് എന്നും അദ്ദേഹത്തിന്റെ വീട്ടിൽ വേലയുണ്ടായിരുന്നു.

പ്രശസ്തനായ സർ സി. ശങ്കരൻനായരുടെ പുത്രിയായ ശ്രീമതി സരസ്വതിയമ്മയാണ് അദ്ദേഹത്തിന്റെ സഹധർമിണി. 'അനുജി' എന്ന് അദ്ദേഹം വിളിച്ചിരുന്ന ഈ കുടുംബിനി അദ്ദേഹത്തിന്റെ ജീവിതത്തിലെന്നപോലെ ഗ്രന്ഥങ്ങളിലും ലേഖനങ്ങളിലും നിറഞ്ഞു നില്ക്കുന്നു.

കെ. പി. എസ്. മേനോന്റെ കൃതികൾപോലെതന്നെ സരളവും മധുരവുമായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വം. അദ്ദേഹത്തെ സമീപിക്കുക ആർക്കും തീരെ പ്രയാസമുള്ള കാര്യമായിരുന്നില്ല. തന്റെ പരിചിതർ

ക്ക്—അവർ ഒട്ടുവളരെയുണ്ടായിരുന്നു—നവവത്സരാവസരത്തിൽ, കഴിഞ്ഞ ആണ്ടിലെ ലോകസംഭവങ്ങളെപ്പറ്റി തന്റെ നിരീക്ഷണങ്ങളും ഉൾക്കൊള്ളിച്ച് ഒരു കത്തയയ്ക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു. അദ്ദേഹത്തിനു് എഴുതിയിട്ട് മറുപടി കിട്ടാത്ത ആരെങ്കിലും ഉണ്ടോ എന്നു സംശയമാണു്.

ഇന്ത്യ സന്ദർശിക്കാനെത്തിയ ബുൾഗാനിനും ക്രൂഷേവും കോയമ്പത്തൂരിൽ വന്നിറങ്ങിയ ദിവസമാണു ഞാൻ ആദ്യമായി കെ. പി. എസ്. മേനോനെ കണ്ടതു്. റഷ്യൻ നേതാക്കളുടെ സന്ദർശനം 'മാതൃഭൂമി'യിൽ റിപ്പോർട്ടു ചെയ്യാൻ കോയമ്പത്തൂരിൽ ചെന്ന എനിയ്ക്കു്, സെക്യൂരിററി വ്യവസ്ഥകൾ കാരണം, എയർപോർട്ടിൽ കടക്കാൻതന്നെ വളരെ സാഹസപ്പെടേണ്ടിവന്നു. ഒരുവിധത്തിൽ ഞാൻ അകത്തു കടന്നു് അധികം കഴിയും മുമ്പ് എത്തിച്ചേർന്ന ഒരു വിമാനത്തിൽനിന്നു്, അന്നു റഷ്യയിൽ ഇന്ത്യയുടെ അംബാസഡർ ആയിരുന്ന കെ. പി. എസ്. മേനോൻ ഇറങ്ങി വരുന്നതു കണ്ടു. ഞാൻ ഉടനെ മുന്നോട്ടുചെന്നു് അദ്ദേഹത്തിനു സ്വയം പരിചയപ്പെടുത്തി. കെ. പി. എസ്. മേനോൻ എന്റെ ചുമലിൽ കൈവെച്ചു നിന്നു്, റഷ്യയുടെ രാഷ്ട്രീയ കാലാവസ്ഥയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അഗാധങ്ങളായ മാററങ്ങളെപ്പററി ദീർഘമായിത്തന്നെ എന്നോടു സംസാരിച്ചു. പിന്നീടു മുഖ്യാതിഥികൾ എത്തുമ്പോഴേക്കു് അംബാസഡറുടെ സുഹൃത്തു് എന്ന നിലയിൽ എല്ലാ സെക്യൂരിററി നിയമങ്ങൾക്കും ഞാൻ അതീതനായിത്തീർന്നിരുന്നു!

അതിനുശേഷം എത്രയോ തവണ കെ. പി. എസ്. മേനോനുമായി വളരെ അടുത്തു പെരുമാറുന്നതിനു് എനിക്കു് അവസരമുണ്ടായിട്ടുണ്ടു്. എനിക്കു് അറുപതു വയസ്സു് തികഞ്ഞതു സംബന്ധിച്ചു് എറണാകുളത്തു നടന്ന ഒരു യോഗത്തിൽ അദ്ദേഹം സന്ദർശകനായി വന്നു; പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും, യോഗപ്രവർത്തകരുടെ അഭ്യർത്ഥനയനുസരിച്ചു് എന്നെ അഭിനന്ദിച്ചു പ്രസംഗിക്കുകയും ചെയ്തു. പത്രപ്രവർത്തകനെന്ന നിലയിൽ, ലേഖന സഹായത്തിനും മററുമായി അദ്ദേഹത്തെ സമീപിച്ച ഒരവസരത്തിലും എനിക്കു നിരാശനാകേണ്ടി വന്നിട്ടില്ല.

അദ്ദേഹത്തിന്റെ ജീവിതമാകുന്ന ഇതിഹാസം ഇതാ സമാപിച്ചിരിക്കുന്നു. മരണം അദ്ദേഹത്തെ അധീരനാക്കിയില്ല. മറിച്ചു്, ഒരു സുഹൃത്തിനെയെന്നപോലെ മരണത്തെ അദ്ദേഹം സ്വാഗതം ചെയ്യുകയാണുണ്ടായതു്. മരിക്കുന്നതിനു രണ്ടുദിവസം മുമ്പു് അദ്ദേഹം മരുന്നുകഴിക്കുന്നതു നിറുത്തി. ഏതാനും ആഴ്ചകൾ മുമ്പു് അദ്ദേഹം എഴുതി: 'യാത്രയുടെ അവസാനത്തിൽ എത്തിച്ചേരുന്ന നദിപോലെയാണു് നമ്മൾ—അനുഭവത്തിൽ വ്യാപ്തിയും ചലനത്തിൽ മന്ദതയുമുള്ള നദി. ഒടുവിൽ, അജ്ഞാതമായ മഹാസമുദ്രത്തിൽ ഈ നദിയുടെ എല്ലാ സ്വത്വവും അവസാനിക്കുന്നു.'

എല്ലാം അവസാനിക്കുന്നുവോ? ഇല്ല. അനേകം പരിചിതരുടെ ഹൃദയങ്ങളിൽ അദ്ദേഹം അവശേഷിപ്പിച്ച ഉദാരസ്മരണകളും, പരിചിതരും അപരിചിതരുമായ എണ്ണമററ ആളുകളുടെ ഹൃദയങ്ങളിൽ മാധുര്യവും പ്രകാശവും നിറച്ച അദ്ദേഹത്തിന്റെ കൃതികളും നിലനില്ക്കുമ്പോൾ, 'എല്ലാം അവസാനിക്കുന്നു' എന്നു് എങ്ങനെ പറയാം?

26 നവംബർ, 1982